പതിനാലാം കേരള നിയമസഭ

16-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1414 31.10.2019-ൽ മറുപടിക്ക്

കുന്നത്ത്നാട്ടിലെ തരം മാറിയ പതിനഞ്ച് ഏക്കർ ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, വി.ടി.ബൽറാം<br>,, അൻവർ സാദത്ത് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ജില്ലയിലെ കുന്നത്ത് നാട്ടിലെ തരം മാറിയ 15 ഏക്കർ ഭൂമി 2005 ന് മുമ്പ് നെൽവയലായി രുന്നുവെന്ന് സംസ്ഥാന റിമോട്ട് സെൻ സിംഗ് ആന്റ് എൻ വയോൺമെന്റ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; | (എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കുന്ന ഡാറ്റാബാങ്കിൽ നിലമായി ഉൾപ്പെടേണ്ട ഭൂമിയാണെന്നും 16.11.2015, 30.12.2015,26.02.2016 എന്നീ തീയതി കളി ലാണ് പുതിയതായി മണ്ണിട്ടിരിക്കുന്ന തെന്നും സംസ്ഥാന റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത 15 ഏക്കർ നികത്തുവാൻ അനുമതി തേടി ഭൂമി വാങ്ങിയ കമ്പനി എറണാകുളം ജില്ലാ കളക്ടർക്ക് നൽകിയ അപേക്ഷ ജില്ലാ കളക്ടർ നിരസിച്ചിരുന്നോ; എങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു വെന്ന് വ്യക്തമാക്കുമോ; | (ബി) കേരള ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ പ്രകാരം ഈ സ്ഥലം പരിവർത്തനപ്പെടുത്താൻ ലഭിച്ച അപേക്ഷ ജില്ലാ കളക്ടർ നിരസിച്ചിരുന്നു. ടി സ്ഥലം വലിയ ഭൂപ്രദേശം ആണെന്നും പരിവർത്തനം ലഭിക്കാൻ അർഹതയില്ലാത്ത താണെന്നുമാണ് നിരസിച്ചതിന് കാരണമായി പറഞ്ഞിരുന്നത്. |
| (സി) പ്രസ്തുത ഉത്തരവിനെതിരെ കമ്പനി ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയ അപ്പീലിന്റെ അടിസ്ഥാന ത്തിൽ സർക്കാർ ഭൂമി നികത്തുവാൻ അനുമതി നൽകുകയുണ്ടായോ; എങ്കിൽ ഏത് സാഹചര്യ ത്തിലാണ് ഇപ്രകാരം നെൽവയൽ തണ്ണീർതടം നികത്തുന്നതിന് അനുമതി നൽകിയതെന്ന് വിശദമാക്കുമോ; | (സി) പ്രസ്തുത ഉത്തരവിനെതിരെ ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയ അപ്പീൽ അനുവദിച്ചു കൊണ്ടും പരിവർത്തനാനുമതി നൽകിക്കൊണ്ടും കമ്മീഷണർ 23.02.2006-ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഭൂമി നികത്താൻ സർക്കാർ അനുമതി നൽകിയിട്ടില്ല |
| (ഡി) പ്രസ്തുത ഭൂമി ഡേറ്റാ ബാങ്കിൽ ഉൾപ്പെടുത്തുവാനുള്ള നിർദ്ദേശം നൽകുമോ യെന്ന് അറിയിക്കുമോ? | (ഡി) പ്രസ്തുത ഭൂമി നിലവിൽ ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടു വരുന്നതാണ്. |

**സെക്ഷൻ ഓഫീസർ**